CS (MAIN) Exam;2016

M-ESC-U-MLY

മലയാളം / MALAYALAM

പേപ്പർ I / Paper I

(സാഹിത്യം) / (LITERATURE)

സമയം : **മൂന്ന്** മണിക്കൂർ *Time Allowed : **Three** Hours*	പരമാവധി മാർക്ക് : **250** *Maximum Marks : **250***

ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :

ആകെ **എട്ട്** ചോദ്യങ്ങളാണുള്ളത്. ഇവയെ **രണ്ടു ഭാഗങ്ങളായി** തിരിച്ചിരിക്കുന്നു.

പരീക്ഷാർത്ഥികൾ ഇരുവിഭാഗങ്ങളിൽനിന്നുമായി **അഞ്ച്** ചോദ്യങ്ങൾക്കു് ഉത്തരമെഴുതേണ്ടതാണ്.

ഒന്നാമത്തെയും അഞ്ചാമത്തെയും ചോദ്യങ്ങൾക്ക് നിർബ്ബന്ധമായും ഉത്തരമെഴുതേണ്ടതാണ്. ശേഷിക്കുന്ന **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടതിൽ ഇരുവിഭാഗത്തിൽ നിന്നും കുറഞ്ഞത് **ഒരു** ചോദ്യത്തിനുള്ള ഉത്തരമെങ്കിലുമുണ്ടായിരിക്കണം.

ഓരോ ചോദ്യത്തിനും/വിഭാഗത്തിനും ഉള്ള മാർക്കു് അതാതിന്റെ നേർക്കു് രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരങ്ങൾ **മലയാളത്തിൽ**ത്തന്നെ എഴുതണം.

ചോദ്യങ്ങൾക്ക് ഉത്തരമെഴുതുമ്പോൾ വാക്കുകളുടെ എണ്ണത്തിന്റെ പരിധി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു് പാലിക്കേണ്ടതാണ്.

ചോദ്യങ്ങൾക്കുള്ള ഉത്തരം അനുക്രമമായിട്ടെഴുതിയാൽ മാത്രമേ പരിഗണിക്കുകയുള്ളു. ഉത്തരം അപൂർണ്ണമാണെങ്കിൽപ്പോലും വെട്ടിയിട്ടില്ലെങ്കിൽ അതിനെ ഉത്തരമായിട്ടു് കണക്കാക്കുന്നതാണ്. ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്ക്‌ലെറ്റിൽ എഴുതാത്ത ഭാഗങ്ങളും പുറങ്ങളും വെട്ടിക്കളയാൻ ശ്രദ്ധിക്കേണ്ടാതാണ്.

QUESTION PAPER SPECIFIC INSTRUCTIONS

Please read each of the following instructions carefully before attempting questions :

*There are **EIGHT** questions divided in **TWO SECTIONS**.*

*Candidate has to attempt **FIVE** questions in all.*

*Questions no. **1** and **5** are compulsory and out of the remaining, any **THREE** are to be attempted choosing at least **ONE** from each section.*

The number of marks carried by a question / part is indicated against it.

*Answers must be written in **MALAYALAM**.*

Word limit in questions, wherever specified, should be adhered to.

Attempts of questions shall be counted in sequential order. Unless struck off, attempt of a question shall be counted even if attempted partly. Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.

Optional Province · optionalprovince.com

SECTION A

Q1. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും നൂറ്റമ്പതു വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക : *10×5=50*

(a) മൂലദ്രാവിഡത്തിൽ നിന്നു് നേരിട്ടു പിരിഞ്ഞു വന്നതാണു് മലയാള ഭാഷ എന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു് . അവരുടെ വാദങ്ങളുടെ സ്വീകാര്യത പരിശോധിക്കുക. *10*

(b) മാപ്പിളപ്പാട്ടിലെ ഭാഷയുടെ പ്രത്യേകതകൾ വിവരിക്കുക. *10*

(c) കൃഷ്ണഗാഥയിലെ ഭാഷയുടെ സ്വഭാവം വ്യക്തമാക്കുക. ആ ഭാഷ അക്കാലത്തെ മറ്റു കാവ്യങ്ങളിൽനിന്നും വ്യത്യസ്തമാവുന്നതു് എങ്ങനെ ? *10*

(d) മലയാള ഭാഷയുടെ അടിത്തറ ഉറപ്പിക്കുന്നതിൽ കിളിപ്പാട്ടു കൃതികൾ വഹിച്ച പങ്ക് എന്തെന്നു് വിമർശനബുദ്ധിയോടെ പരിശോധിക്കുക. *10*

(e) മലയാളം തമിഴിൽനിന്നും ഉടലെടുത്തെന്ന വാദത്തിന്റെ തെളിവുകളായി എ.ആർ. രാജരാജവർമ്മ നിരത്തുന്ന ആറു നയങ്ങൾ എന്തൊക്കെയാണു് ? ആ തെളിവുകൾ പര്യാപ്തമാണോ ? *10*

Q2. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :

(a) രാമചരിതത്തിൽ നിന്നു് കണ്ണശ്ശകൃതികളിലേയ്ക്കു് വരുമ്പോൾ അവയുടെ ഭാഷയ്ക്കു് വരുന്ന മാറ്റങ്ങൾ വിശദമാക്കുക. *20*

(b) 'മണിപ്രവാളം' എന്നാലെന്തു് ? ഏതെങ്കിലും ഒരു മണിപ്രവാളകൃതിയെ ആസ്പദമാക്കി അതിന്റെ ഭാഷാപരമായ പ്രത്യേകതകൾ വിശദീകരിക്കുക. *20*

(c) മലയാള ഗദ്യത്തിന്റെ വളർച്ചയുടെ ഒരു സുപ്രധാനഘട്ടത്തെയാണു് 'ഭാഷാകൗടലീയം' പ്രതിനിധീകരിക്കുന്നതു്. ചർച്ചചെയ്യുക. *10*

Optional Province · optionalprovince.com

Q3. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :

(a) പുന്താനം കവിതയുടെ ഹൃദയാവർജ്ജകത്വത്തിനു് അതിന്റെ ഭാഷ പ്രധാന പങ്കു വഹിച്ചിട്ടുണ്ട് . 'ജ്ഞാനപ്പാനയെ' അടിസ്ഥാനമാക്കി ചർച്ചചെയ്യുക. *20*

(b) മലയാള ഗദ്യത്തിന്റെ വളർച്ചയിൽ ക്രൈസ്തവ മിഷനറിമാർ വഹിച്ച പങ്ക് ചർച്ചചെയ്യുക. *20*

(c) സമകാലീന മാധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന ഭാഷാരീതി മലയാള ഭാഷയുടെ തനിമയെ വികലമാക്കുന്നുണ്ടോയെന്നു് പരിശോധിക്കുക. *10*

Q4. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :

(a) കുഞ്ചൻനമ്പ്യാർ തന്റെ തുള്ളൽ കൃതികൾക്കു് വേണ്ടി ഉപയോഗിച്ച ഭാഷ ജനകീയ ദൃശ്യകലാരൂപത്തിനു് ഇണങ്ങുന്നതായിരുന്നു. എങ്ങനെ ? *20*

(b) മലയാളം ഭരണഭാഷയായി മാറുമ്പോൾ ഭാഷാപരമായി ഉണ്ടാകേണ്ട തയ്യാറെടുപ്പുകൾ എന്തൊക്കെയാണെന്നു് വിശദീകരിക്കുക. *20*

(c) ഡോ. ഹെർമ്മൻ ഗുണ്ടർട്ടു് മലയാള ഭാഷയ്ക്കു് നൽകിയ സംഭാവനകൾ വിശദീകരിക്കുക. *10*

Optional Province · optionalprovince.com

SECTION B

Q5. താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യത്തിനും നൂറ്റമ്പതു വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക : *10×5=50*

(a) വടക്കൻ പാട്ടുകളുടെ സാഹിത്യപരമായ സവിശേഷതകളും സാംസ്കാരിക-ചരിത്ര പശ്ചാത്തലവും കണ്ടെത്തുക. *10*

(b) ഭാഷാ സാംസ്കാരിക രംഗങ്ങളിൽ നിരണം കവികൾ തുടങ്ങിവച്ച പരിഷ്കരണം പൂർണ്ണതയിൽ എത്തുന്നതു് എഴുത്തച്ഛനിലാണു് . ചർച്ചചെയ്യുക. *10*

(c) മലയാളത്തിലെ പ്രമുഖമായ മഹാകാവ്യങ്ങൾ ഏവ ? അവ ഏതെല്ലാം കാവ്യപ്രവണതകളെയാണു് പ്രതിനിധാനം ചെയ്യുന്നത് ? *10*

(d) ചങ്ങമ്പുഴയുടെ 'വാഴക്കുല'യെന്ന കവിതയെ അടിസ്ഥാനമാക്കി അദ്ദേഹത്തിന്റെ കവിതകളുടെ സ്വഭാവ സവിശേഷതകൾ വിലയിരുത്തുക. *10*

(e) മലയാള കവിതയുടെ വളർച്ചയിൽ ചമ്പുക്കൾ വഹിച്ച പങ്കിനെക്കുറിച്ചു് വിവരിക്കുക. *10*

Q6. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :

(a) മലയാളികളുടെയിടയിൽ ദേശീയബോധം വളർത്താനുതകുന്ന കവിതകൾ രചിച്ചു പ്രശസ്തിനേടിയ വള്ളത്തോൾ നാരായണ മേനോന്റെ കൃതികളെക്കുറിച്ചു ചർച്ചചെയ്യുക. *20*

(b) തകഴിയും കേശവദേവും ബഷീറും മലയാള നോവൽ സാഹിത്യത്തിൽ വരുത്തിയ മാറ്റങ്ങൾ വിശദമാക്കുക. *20*

(c) മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ സി.വി. രാമൻപിള്ളയുടെ ചരിത്രനോവലുകൾക്കുള്ള സ്ഥാനം അടയാളപ്പെടുത്തുക. *10*

Optional Province · optionalprovince.com

Q7. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :

(a) 'ഇന്ദുലേഖയും' 'നാലുകെട്ടും' വ്യത്യസ്തകാലങ്ങളിൽ രചിക്കപ്പെട്ടവയാണെങ്കിലും അവയിലെ സാമൂഹ്യ ജീവിത പ്രതിപാദനത്തിന് സമാനതകളുണ്ടു്. ഈ പ്രസ്താവനയുടെ സാധുത്വം വിമർശനബുദ്ധ്യാ പരിശോധിക്കുക. *20*

(b) കാരൂർ നീലകണ്ഠപ്പിള്ളയുടെ ചെറുകഥകളുടെ പ്രത്യേകതകൾ കണ്ടെത്തുക. *20*

(c) സി.ജെ. തോമസ്സിന്റെ "അവൻ വീണ്ടും വരുന്നു" എന്ന നാടകത്തിന്റെ സവിശേഷതകൾ ഏവ ? *10*

Q8. (a), (b) എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരോന്നും ഇരുനൂറ്റമ്പതു് വാക്കുകളിലും (c) എന്ന ചോദ്യത്തിനുള്ള ഉത്തരം നൂറ്റമ്പതു് വാക്കുകളിലും കവിയാതെ എഴുതുക :

(a) രാജലക്ഷ്മിയും മാധവിക്കുട്ടിയും സാറാ ജോസഫും തങ്ങളുടെ കൃതികളിലൂടെ സ്ത്രീപക്ഷ ചിന്തകൾക്കു നൽകിയ സംഭാവനകൾ വിലയിരുത്തുക. *20*

(b) ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം' മലയാളിയുടെ നോവൽ സങ്കല്പത്തിൽ ഒരു വഴിത്തിരിവായിരുന്നു. ചർച്ചചെയ്യുക. *20*

(c) എസ്.കെ. പൊറ്റെക്കാടു് മലയാളത്തിലെ ഏറ്റവും മികച്ച സഞ്ചാര സാഹിത്യകാരനാണു്. എങ്ങനെ ? *10*

Optional Province · optionalprovince.com